# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ജുഡീഷ്യൽ ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 101/11/12/2023/ TVM**

പരാതികക്ഷി : ബിന്ദു.എം.എസ്,വിഷ്ണുഭവൻ
കിടങ്ങുമ്മൽ,ഇടയനവട്ടം,വെളിയന്നൂർ
വെള്ളനാട്,

എതിർകക്ഷി : ദാസ്,കുഞ്ഞാറ്റ കാറ്ററിംഗ് സർവ്വീസ്
ആര്യൻ കോട്,കുരുതം കോട്,കാട്ടാക്കട

**ഉത്തരവ് തീയതി 27.05.2024**

പരാതിക്കാരി പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നയാളാണെന്നും, ടിയാളുടെ മകൻ ജിഷ്ണു പ്രസാദ്.ബി യ്ക്ക് ജോലി വാഗ്ദാനം ചെയ്ത് എതിർകക്ഷി 2,57,000/-രൂപ കബളിപ്പിച്ച് കൈപ്പറ്റിയതായും, ഇതു സംബന്ധിച്ച് ആര്യനാട് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ട് നടപടി ഒന്നും ഉണ്ടാകുന്നില്ലായെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ കാട്ടാക്കട ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഒരു റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ പരാതിയിൽ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ പ്രഥമ ദൃഷ്ട്യാ കഴമ്പുണ്ടെന്ന് കണ്ട് എതിർകക്ഷിക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാൻ ആര്യനാട് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർക്ക് നിർദ്ദേശം നൽകിയതിൻെറ അടിസ്ഥാനത്തിൽ ആവലാതിക്കാരിയുടെ മൊഴി രേഖപ്പെടുത്തി എതിർകക്ഷിക്കും കൂട്ടാളികൾക്കുമെതിരെ ആര്യനാട് പോലീസ് സ്റ്റേഷൻ ക്രൈം 120/2023 ആയി കേസ് രജിസ്റ്റർ ചെയ്ത് പോലീസ് അന്വേഷണം നടത്തിവരുന്നതായി റിപ്പോർട്ടിൽ കാണുന്നു.

പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിക്കുകയും പരാതികക്ഷിയെ നേരിൽ കേൾക്കുകയും ചെയ്തു. ആര്യനാട് പോലീസ് സ്റ്റേഷൻ ക്രൈം 120/23 നമ്പർ കേസിൻെറ അന്വേഷണം എത്രയും വേഗം പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ആര്യനാട് പോലീസ് ഇൻസ്പെക്ടറോട് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി തീർപ്പാക്കുന്നു.

ഒപ്പ്

കെ.ബൈജുനാഥ്
ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

//ശരിപ്പകർപ്പ്// രജിസ്ട്രാർ